**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5691** **08-07-2024 - ൽ മറുപടിയ്ക്ക്**

**മല്ലപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമായ മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തി നായി പുതിയ കെട്ടിടം പണിയുന്നതിന് വേണ്ടി ആകെ 47.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും 34.54 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഏൽപ്പിച്ചതിനെതിരെ മറ്റൊരു കരാറുകാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബഹു.ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന് അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ